പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3935 15.12.2014-ൽ മറുപടിയ്ക്ക്

## ദേശീയ ഗെയിംസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ദേശീയ ഗെയിംസിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര രൂപ ചെലവഴിച്ചു എന്ന് വിശദമാക്കാമോ ; | (എ) | ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി ഭൗതിക സാഹചര്യ വികസനത്തിന് 138,80,34,312/- രൂപയും ഇതൊഴികെയുള്ള പ്രവർത്തനങ്ങൾക്കായി 7,49,05,762/- രൂപയും ഉൾപ്പെടെ ആകെ 146,29,40,074/- രൂപ 30.11.2014 വരെ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ഗെയിംസിന്റെ ഭാഗമായി നാഷണൽ മീഡിയാ സെന്റർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് എവിടെയാണെന്നും ഇതിനുവേണ്ടി എത്ര രൂപ ചെലവുവരുമെന്നും വ്യക്തമാക്കുമോ ; | (ബി) | ദേശീയ ഗെയിംസിന്റെ ഭാഗമായി, തിരുവനന്തപുരം പ്രസ്സ് ക്ലബ്ബിലാണ് സ്റ്റേറ്റ് മീഡിയാ സെന്റർ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. 63 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഇതിനായി അംഗീകരിച്ചിട്ടുണ്ട്. |
| (സി) | മീഡിയാ സെന്റർ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ ഒളിംപ്യാ ഹാളിൽ നിർമ്മിക്കാൻ എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (സി) | ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ ഒളിംപ്യാ ഹാളിൽ താല്കാലികമായി മീഡിയാസെന്റർ സ്ഥാപിക്കുന്നതിനുണ്ടാകുന്ന ചെലവ്, ദേശീയ ഗെയിംസ് കഴിയുന്നതോടെ മീഡിയാ സെന്ററിന്റെ ഉപയോഗം നഷ്ടപ്പെടുന്നതിനാൽ, പ്രയോജനരഹിതമാകുന്നതാണ്. ആവശ്യമായ സ്ഥലസൗകര്യം ലഭിക്കുമെന്നത് പരിഗണിച്ചും ഭാവിയിൽ ഈ സൗകര്യം കായികമേഖലയ്ക്കായി പ്രയോജനപ്പെടുത്താമെന്നതും കണക്കിലെടുത്ത് പ്രസ്സ് ക്ലബ്ബിൽ മീഡിയ സെന്റർ പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

(ഡി) തിരുവനന്തപുരം പ്രസ്സ്ക്ലബ്ബിന്റെ റൂഫ് ടോപ്പ് പുതുക്കി പണിയുന്നതിനും ലിഫ്റ്റ് സ്ഥാപിക്കുന്നതിനും ദേശീയ ഗെയിംസിന്റെ ഫണ്ടിൽ നിന്നും എന്തെങ്കിലും തുക ചെലവഴിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

(ഡി) 63 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ മീഡിയാ സെന്റർ സ്ഥാപിക്കുന്നതിനായി അംഗീകരിച്ച റൂഫ് ടോപ്പിലെ ഫോൾസ് സീലിംഗ് പൊളിച്ച് പുനർനിർമ്മാണം ചെയ്യുന്നതും ഉൾപ്പെടുന്നുണ്ട്. ലിഫ്റ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച വിശദമായ ശുപാർശ പ്രസ്സ് ക്ലബ്ബിൽ നിന്നും ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ